# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2135 — 06.02.2019 - ൽ മറുപടിക്ക്

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ അനുപാതം**

| ചോദ്യം | മറുപടി |
|---|---|
| **ഡോ.എം. കെ. മുനീർ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ) | ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്II, ഗ്രേഡ് I തസ്തികകളിൽ 1:1 എന്ന അനുപാതത്തിൽ നിയമനം നൽകുന്നുണ്ടോ; വിശദമാക്കാമോ; | എ) | സ.ഉ(സാധാ)നം.1662/2017/ആ.കു.വ തീയതി, 14.06.2017 പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, ഗ്രേഡ് I തസ്തികകളുടെ അനുപാതം ജില്ലാതലത്തിൽ 1:1 ആയി നിലനിർത്തുന്നതിനും നിലവിൽ അനുപാതത്തിൽ വ്യത്യാസമുള്ള ജില്ലകളിൽ കാലക്രമേണ അനുപാത വ്യത്യാസം പരിഹരിക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ നിലവിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II അധികമായി നിൽക്കുന്ന ജില്ലകളിൽ ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്ന അവസരത്തിൽ ടി ഉത്തരവ് പ്രകാരം ഗ്രേഡ് I, ഗ്രേഡ് II തസ്തികകളിലെ അനുപാത വ്യത്യാസം പരിഹരിച്ചതിനു ശേഷമുള്ള ഗ്രേഡ് II തസ്തികയിലെ ഒഴിവുകൾ മാത്രമേ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ടി ജില്ലകളിൽ നിലവിലുള്ള പി.എസ്.സി ലിസ്റ്റിൽ നിന്നുള്ള ഉദ്യാഗാർത്ഥികൾക്ക് നിയമനം ലഭിക്കാതെ വരുമെന്നും ആയതിനാൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി പൂർത്തിയാക്കാൻ പോകുന്ന സാഹചര്യത്തിൽ അനുപാത വ്യത്യാസം പരിഹരിക്കുന്നതുമായി ബന്ധപ്പെട്ടുള്ള നിർദ്ദേശത്തിൽ ഇളവ് നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ നിരവധി നിവേദനം സർക്കാരിൽ സമർപ്പിച്ചിരുന്നു. ഈ സാഹചര്യത്തിൽ സ.ഉ(സാധാ)നം.3546/2018/ആ.കു.വ തീയതി, 02.12.2018 ലെ ഉത്തരവ് പ്രകാരം 1:1 അനുപാതം പാലിക്കുന്നതിനുള്ള നിർദ്ദേശത്തിൽ ഇളവ് അനുവദിക്കുകയും ആയത് പ്രകാരം ജൂനിയർ |

| | | | |
|---|---|---|---|
| | | | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I പ്രമോഷൻ അനുവദിക്കുമ്പോൾ അനുപാതത്തിൽ വ്യത്യാസം നിലനിൽക്കുന്ന ജില്ലകളിൽ ഉണ്ടാകുന്ന ആകെ ഒഴിവുകളിൽ പകുതി എണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും പകുതി എണ്ണം അനുപാതം ക്രമീകരിക്കുന്നതിനും മാറ്റിവയ്ക്കുന്നതിനും നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയതിനാൽ കാലക്രമത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, ഗ്രേഡ് II നിയമനം 1:1 അനുപാതത്തിൽ നടത്താൻ കഴിയും. |
| ബി) | എങ്കിൽ ഒരോ ജില്ലയിലും നിലവിലുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, ഗ്രേഡ് I നിയമനത്തിന്റെ വിശദവിവരം നൽകാമോ; | ബി) | ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.12.2018 ലെ ഇ.ജി2-40/2016/ആവഡ ഉത്തരവ് പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ നിന്നും ഗ്രേഡ് I തസ്തികയിലേക്ക് പ്രമോഷൻ അനുവദിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ ഗ്രേഡ് I, ഗ്രേഡ് II അനുപാതം ക്രമീകരിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിന്മേൽ അപ്പീലുകൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് പരിഗണിച്ച് ഉത്തരവ് നം.ഇ.ജി-2-40/2016/ആ.വ.ഡ തീയതി, 25.01.2019 പ്രകാരം 15.12.2018-ലെ ഉത്തരവ് പരിഷ്കരിച്ചിരുന്നു. ആയത് പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിലെ സ്ഥാനക്കയറ്റവും ഗ്രേഡ് II തസ്തികയിലുണ്ടായ ഒഴിവുകളും അനുപാത ക്രമീകരണത്തിന് മാറ്റി വയ്ക്കപ്പെട്ട ഒഴിവുകളുടെ വിവരവും ജില്ല തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| സി) | പ്രസ്തുത അനുപാതം പാലിക്കാത്ത ജില്ലകളിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | സി) | 14.06.2017 ലെ സ.ഉ(സാധാ)നം.1662/2017/ആ.കു.വ, 02.12.2018 ലെ സ.ഉ(സാധാ)നം. 3546/2018/ആ.കു.വ എന്നീ ഉത്തരവുകൾ പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, ഗ്രേഡ് II അനുപാതം പാലിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

Milan

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | ജില്ല | സ്ഥാനക്കയറ്റം ലഭിച്ചവരുടെ എണ്ണം | അനുപാത തുല്യത വരുത്തുന്നതിന് ഉപയോഗിക്കേണ്ട എണ്ണം | പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ | IDT-യ്ക്ക് നീക്കി വയ്ക്കേണ്ട ഒഴിവുകൾ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 11 | 0 | 10 | 1 |
| 2 | കൊല്ലം | 8 | 4 | 4 | 0 |
| 3 | ആലപ്പുഴ | 1 | 0 | 1 | 0 |
| 4 | പത്തനംതിട്ട | 5 | 2 | 3 | 0 |
| 5 | കോട്ടയം* | 0 | 0 | 0 | 0 |
| 6 | എറണാകുളം | 5 | 2 | 3 | 0 |
| 7 | ഇടുക്കി | 25 | 8 | 16 | 1 |
| 8 | തൃശ്ശൂർ | 33 | 16 | 16 | 1 |
| 9 | പാലക്കാട് | 12 | 0 | 11 | 1 |
| 10 | മലപ്പുറം | 14 | 0 | 13 | 1 |
| 11 | കോഴിക്കോട് | 6 | 3 | 3 | 0 |
| 12 | വയനാട് | 34 | 12 | 20 | 2 |
| 13 | കണ്ണൂർ | 53 | 0 | 48 | 5 |
| 14 | കാസർഗോഡ് | 26 | 6 | 18 | 2 |

*കോട്ടയം ജില്ലയിൽ നിന്നും സ്ഥാനക്കയറ്റ പട്ടികയിൽ ആരും ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഒഴിവ് ഉണ്ടായിട്ടില്ല.

Milen

സെക്ഷൻ ഓഫീസർ